ഉത്തരം

(എ) ഭൂമി ലഭ്യമായിട്ടുണ്ട്. 216/ബി2 എന്ന സർവ്വെ നമ്പരിൽ കാസർഗോഡ് താലൂക്ക് ബേഡഡുക്ക വില്ലേജിലെ ഒരേക്കർ ഭൂമിയാണ് ലഭ്യമായിട്ടുള്ളത്.

(ബി&സി) ഭൂമി ലഭ്യമായി, കെട്ടിട നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് അസി.എഞ്ചിനീയർ, സ്പെഷ്യൽ ബിൽഡിംഗ്, കാസർഗോഡ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ

208 (4792) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം&വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട് ;

(ബി) ഇവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളും സഹായങ്ങളും നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആകെ 55 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്.

(ബി) അർഹരായ അപേക്ഷകർക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായം, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ ധനസഹായം, നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം, അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിന് 'കൈതാങ്ങ്' എന്ന പദ്ധതി പ്രകാരം ധനസഹായം എന്നിവ നൽകിവരുന്നു. വകുപ്പ് യഥാകാലം അനുവദിക്കുന്ന എല്ലാ സ്കീമുകൾക്കും അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് ഇവരെയും പരിഗണിക്കുന്നുണ്ട്.

## സ്റ്റുഡന്റ് ഡോക്ടർ പദ്ധതി

209 (4793) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം&വകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളിലെ കുട്ടികൾക്കായി സ്റ്റുഡന്റ് ഡോക്ടർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly